ഉത്തരം

(എ) സംസ്ഥാനത്തിന്റെ ആഴക്കടലിൽ മത്സ്യബന്ധനം നടത്താൻ കേന്ദ്ര ഗവൺമെന്റ് താഴെ പറയുന്ന 9 ആഴക്കടൽ യാനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1.	ശിവഗംഗാ ഫിഷറീസ്	1 യാനം
2.	വെല്ലാ - പി. മോനർ (സ്പാനീഷ്)	1 യാനം
3.	ഓറിയന്റൽ ഹൈസീഡ്	1 ഫാക്ടറി ട്രോളർ
4.	ഫിലിംഗ് പാൽക്കൺ ലിമി	2 ട്യൂണേ വെസൽസ്
5.	ഫോർച്ച്യൂൺ ഓഷ്യാനിക്ക്	2 ഫാക്ടറി ട്രോളർ
6.	റോയ് ഡി-മറൈൻ	1 ഫാക്ടറി ട്രോളർ
7.	എവിറ്റി മുധ്യൂർ പി.റ്റി.ലിമി.	1 ഫാക്ടറി ട്രോളർ

(ബി) ലൈസൻസുകൾ റദ്ദാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നദികളിലെ മത്സ്യസമ്പത്ത്

10 (1917) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നദികളിലെ മത്സ്യ സമ്പത്ത് ചൂഷണം ചെയ്യപ്പെടുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രധാനപ്പെട്ട നദികളിൽ മത്സ്യക്കൃഷി നടത്തുവാൻ സാധിക്കുമോ ;

(സി) എങ്കിൽ ഇതിലേക്കായി ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട നദികളിലെ മത്സ്യ സമ്പത്ത് ചൂഷണം ചെയ്യപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട നദികളിലെ മത്സ്യ സമ്പത്ത് പരിമിതമായ രീതിയിൽ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിലെ പ്രധാനപ്പെട്ട നദികളിലെ മത്സ്യ സമ്പത്ത് ഉൾനാടൻ മത്സ്യ തൊഴിലാളികൾ മത്സ്യ ബന്ധനം നടത്തിവരുന്നു. കോഴിക്കോട് ജില്ലയിലെ പ്രധാന നദികളിൽ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾ തണ്ടോടി, വീശുവല തുടങ്ങിയവ ഉപയോഗിച്ചും വിജ്ഞാപനം ചെയ്യപ്പെട്ട നദികളിൽ ഊന്നിവല ഉപയോഗിച്ചും മത്സ്യം പിടിച്ചു വരുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ ഊന്നിവല ഉപയോഗിക്കുവാൻ 200 ഓളം ലൈസൻസുകൾ നൽകിയിട്ടുണ്ട്. എറണാകുളം, കാസർകോഡ് ജില്ലകളിലെ പ്രധാന നദികളിൽ ശാസ്ത്രീയമായ മത്സ്യ ബന്ധനം നടക്കുന്നില്ല. തൃശ്ശൂർ, ഇടുക്കി, മലപ്പുറം തുടങ്ങിയ ജില്ലകളിലെ പ്രധാന നദികളിലെ മത്സ്യ സമ്പത്തും ചൂഷണം ചെയ്യപ്പെടുന്നതായി മാർക്കറ്റ് സർവ്വെ വെളിപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) സംസ്ഥാനത്തെ പ്രധാന നദികളിൽ "സാമൂഹ്യ മത്സ്യകൃഷി" എന്ന ഒരു പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

ഫിഷിംഗ് ഹാർബറുകൾ

11 (1918) ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫിഷിംഗ് ഹാർബറുകളുണ്ട് എന്നും ഏതെല്ലാം എന്നും വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഫിഷിംഗ് ഹാർബറുകളുടെ പണി തുടങ്ങി ;

(സി) അഞ്ചുതെങ്ങിൽ ഒരു ഫിഷിംഗ് ഫാർബർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശുമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 11 എണ്ണം.

1. കൊച്ചി (കേന്ദ്ര തലത്തിൽ)
2. വിഴിഞ്ഞം
3. നീണ്ടകര
4. തങ്കശ്ശേരി
5. കായംകുളം
6. മുനമ്പം
7. പുതിയാപ്പ
8. ചോംപാൽ
9. മോപ്പിളാംബ
10. അഴീക്കൽ
11. ബേപ്പൂർ

(ബി) കായംകുളം, തങ്കശ്ശേരി രണ്ടാഘട്ടം.

(സി) ഉണ്ട് (മുതലപ്പൊഴിയിൽ)

(ഡി) 14-10-1998-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച 1460 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പുതുക്കിയ രൂപരേഖയിന്മേൽ വിശദമായ സൂക്ഷ്മ പരിശോധന ബാംഗ്ലൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എൻജിനീയറിംഗ് ഫോർ ഫിഷറിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly